പതിനാലാം കേരളനിയമസഭ

# അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 3717 — 15/05/2017 -ൽ മറുപടിയ്ക്ക്

## പൊതു വിദ്യാലയങ്ങളിൽ മധ്യവേനലവധിക്കാല ക്യാമ്പുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതു വിദ്യാലയങ്ങളിൽ മധ്യവേനല അവധിക്കാലത്ത് കുട്ടികളുടെ കലാകായിക, സർഗ്ഗശേഷികൾ പ്രോത്സാഹിപ്പിക്കുന്നതിനായി ക്യാമ്പുകൾ നടത്തുന്നതിന് പദ്ധതിയുണ്ടോ;വിശദീകരിക്കുമോ; | (എ) ഉണ്ട്. കുട്ടികളുടെ നൈസർഗ്ഗികമായ കഴിവുകൾ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ എസ്.എസ്.എ സംഘടിപ്പിക്കുന്ന വേനൽക്കാല ക്യാമ്പാണ് പ്രതിഭോത്സവം. |
| (ബി) എങ്കിൽ ഏതെല്ലാം മേഖലകളിലാണ് കുട്ടികളെ പരിചയിപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ളത്; അറിയിക്കാമോ? | (ബി) പൊതു വിദ്യാലയങ്ങളെ ടാലന്റ് ലാബുകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് പ്രതിഭോത്സവം. സംഘടിപ്പിക്കുന്നത്. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികളുടെ നൈസർഗ്ഗികമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും ആ മേഖലയിൽ പ്രവിണ്യമുള്ളവരാക്കി തീർക്കുകയുമാണ് ലക്ഷ്യം. |
| (സി) ഇത്തരത്തിലുള്ള പരിപാടികൾ എല്ലാ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിർബന്ധമായും നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ? | (സി) ആദ്യഘട്ടത്തിൽ കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിൽ അതത് എം.എൽ.എമാർ നിർദ്ദേശിക്കുന്ന ഓരോ യു.പി വിദ്യാലയങ്ങളിലാണ് പ്രതിഭോത്സവം സംഘടിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ